ഖുത്ബ
27.10.2006
ബയ്ത്തുൽഫുതൂഹ്, ലണ്ടൻ

# അഹ്മദിയ്യാ ജമാഅത്തിനെ തകർക്കാൻ ലോകത്തൊരു ശക്തിയ്ക്കും സാധ്യമല്ല

**ഈ**യിടെയായി അഹ്മദിയ്യാ ജമാഅത്തിനെതിരിൽ ചില രാഷ്ട്രങ്ങളിൽ അക്രമം ശക്തിപ്രാപിച്ചു വരുന്നു. ഇസ്ലാമികഭരണവും ഇസ്ലാമികരാജ്യവും എന്ന് പറയുന്ന രാഷ്ട്രങ്ങളിൽ മാത്രമെ ആദ്യം ഇതുണ്ടായിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ ശ്രീലങ്കയും, ബൽഗാറിയയും അതിൽപ്പെട്ടിരിക്കുന്നു. വികസ്വരമല്ലാത്തതും മുസ്ലിംകൾ അധികമുള്ളതുമായ ഏതു രാജ്യത്തും അഹ്മദിയ്യത്തിന് എതിർപ്പുകൾ ഉണ്ടാകുന്നുണ്ട്. എണ്ണസമ്പത്തുള്ള ചില മുസ്ലിംരാഷ്ട്രങ്ങൾ, അഹ്മദിയ്യത്ത് നിലവിൽ വരുന്ന സ്ഥലങ്ങളിലെല്ലാം അതിനെ എതിർക്കുക എന്നത് പ്രതിഫലമുള്ള കാര്യമായി മനസ്സിലാക്കുന്നു. ഇതിനായി അവർക്ക് മുല്ലാമാരെ കിട്ടുകയും ചെയ്യുന്നു. അവരുടെ ലക്ഷ്യം തങ്ങളുടെ മിമ്പർ നിലനിറുത്തുകയും ഭൗതികസ്വത്ത് സമ്പാദിക്കുകയും ചെയ്യുക എന്നതുമാത്രമാണ്. ചില ദരിദ്രഭരണകൂടങ്ങളും തങ്ങൾക്ക് ലഭിക്കുന്ന ചില സഹായങ്ങൾക്ക് പകരം ജമാഅത്തിനെ എതിർക്കാറുണ്ട്. ആഫ്രിക്കയിലും ചില രാഷ്ട്രങ്ങളുണ്ട്. ഉദാഹരണത്തിന് ഗിനിഗിനാക്കരി. മറ്റു ചില രാഷ്ട്രങ്ങളുമുണ്ട്. അവരെ സഹായിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ, ജമാഅത്ത് രൂപീകരിക്കാൻ അനുവാദമില്ലാത്തതുമായ ചില മുസ്ലിം ഭരണകൂടങ്ങൾ അതിഷ്ടപ്പെടുന്നില്ല എന്നതു മാത്രമാണ് അതിനു കാരണം. തങ്ങൾക്ക് ലഭിക്കുന്ന സഹായത്തെ ബാധിക്കുമെന്ന ഭയം കാരണത്താൽ അവർ ജമാഅത്തിനെ എതിർക്കുകയാണ്. എന്നാൽ, ഭൗതികമായ സാധനസാമഗ്രികളുടെ ഉള്ളിൽ മാത്രം വിഹരിക്കുന്ന ഈ ഭരണകൂടങ്ങൾക്കും, ലൗകികജീവിതത്തിന് മുൻതൂക്കം കൊടുക്കുന്നവർക്കും തങ്ങൾ എത്രമാത്രം ശക്തിചെലുത്തിയാലും അല്ലാഹു ആർക്കാണോ സന്മാർഗ്ഗം നല്കാനുദ്ദേശിക്കുന്നത് ആ സന്മാർഗ്ഗത്തെ തടഞ്ഞുനിർത്തുവാൻ കഴിയുകയില്ലെന്നറിയില്ല. ഇത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. ഇവർക്കതിനെ തടഞ്ഞുനിറുത്താൻ തന്റേടമുണ്ടെങ്കിൽ, അല്ലാഹുവുമായി പോരാടി ഒന്നു കാണിക്കട്ടെ. ജമാഅത്തിലെ അംഗങ്ങളെ ബുദ്ധിമുട്ടിക്കുകയും, മർദ്ദിക്കുകയും, കൊല ചെയ്യാൻവരെ മടിക്കാതിരിക്കുകയും ചെയ്യുന്നത്, ജമാഅത്തിനെ ക്ഷയിപ്പിക്കുമെന്നും ജനങ്ങളിൽ ഭീതി പരത്തുമെന്നുമാണ് ഇവർ കരുതുന്നത്. മുസ്ലിംകളാണെന്ന് വീമ്പിളക്കുന്ന ബുദ്ധിയ്ക്ക് അന്ധത ബാധിച്ച ഇവർ, തങ്ങളുടെ ചരിത്രം പഠിച്ചും നബി(സ) തിരുമേനിയുടെമേൽ അല്ലാഹു ഇറക്കിയ ഉപദേശങ്ങൾ മനസ്സിലാക്കിയുംകൊണ്ട്, മുഅ്മിൻ പരീക്ഷണങ്ങളേയും കെടുതികളേയും കണ്ട് പരിഭ്രമിക്കാറില്ലെന്നും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരിക്കുന്നവർ യഥാർത്ഥത്തിൽ മരിക്കില്ല, മറിച്ച്, അനശ്വരമായ ജീവിതം കരസ്ഥമാക്കുന്നവരാണെന്നും തിരിച്ചറിയുന്നില്ല. അവർ കണ്ണടച്ചുകൊണ്ട് എതിർക്കുകയാണ്. അവരുടെ ഓരോ എതിർപ്പുകൾക്കുശേഷവും, ഓരോ അഹ്മദിയേയും ശഹീദാക്കിയതിനുശേഷവും അഹ്മദിയ്യത്തിന്റെ ചുവടുകൾ ആദ്യത്തെക്കാൾ എത്രയോ മുമ്പോട്ടു കുതിക്കുകയാണ് ചെയ്തിട്ടുള്ളത്. ആ സ്ഥലങ്ങളിൽ അഭിവൃദ്ധിയുടെ ഗമനം ആദ്യത്തേക്കാൾ എത്രയോ കൂടിയിട്ടുണ്ട്. അല്ലാഹുവിന്റെ ഈ പെരുമാറ്റം അഹ്മദിയ്യത്തിന്റേയും, വാഗ്ദത്ത മസീഹായ മസീഹ് മൗഊദ്(അ)ന്റേയും സത്യതയ്ക്കുള്ള തെളിവാണോ അതോ അസത്യതയ്ക്കുള്ള തെളിവാണോ? എന്നാൽ, ആരുടെ കണ്ണിലാണോ മറവീഴുന്നത്, ആരുടെ വിധിയിലാണോ ദുർമാർഗ്ഗം എഴുതപ്പെട്ടിട്ടുള്ളത് അവരുടെ കണ്ണിൽ മറവീണുതന്നെ കിടക്കും. തങ്ങളുടെ കച്ചവടം മോടിപിടിപ്പിക്കാനാഗ്രഹിക്കുന്ന ഈ നാമമാത്ര ഉലമാക്കളും നേതാക്കളും, സ്വയം നാശത്തിന്റെ ഗർത്തത്തിൽ പതിക്കാൻ പോകുന്നവരും ജനതയെ അതിലേക്കു കൊണ്ടുപോകാൻ പരിശ്രമിക്കുന്നവരുമാണ്. മുസ്ലിംകളെന്ന് അവകാശപ്പെടുന്നവർ ആരാണെങ്കിലും നീതിപൂർവ്വം പ്രവർത്തിക്കണമെന്ന് അല്ലാഹു പറഞ്ഞിട്ടുള്ള കാര്യത്തിൽ സ്വയം ചിന്തിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് ബുദ്ധി നല്കിട്ടുണ്ട്. അതുകൊണ്ട് നിലവിലിരിക്കുന്ന അല്ലാഹു

വിന്റെ വ്യക്തമായ നിർദ്ദേശങ്ങളും പ്രവചിച്ചിട്ടുള്ള എല്ലാ അടയാളങ്ങളും പുലരുന്നത് കണ്ട് ബുദ്ധി ഉപയോഗിച്ചും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞും അവനോട് സഹായം തേടിയും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്, ഉലമാക്കളുടെ പിന്നാലെ പോകുകയല്ല. ബുദ്ധിയുള്ളവർ ഈ ഉലമാക്കളുടെ പിന്നാലെ പോകാതെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയുന്നു. അല്ലാഹു അവർക്ക് മാർഗ്ഗദർശനം നല്കുകയും ചെയ്യുന്നു. സ്വപ്നങ്ങൾ മുഖേനയോ, സ്വന്തമായി എന്തെങ്കിലും അടയാളം അനുഭവിച്ചറിഞ്ഞുകൊണ്ടോ ബയ്അത്ത് ചെയ്ത നിരവധി കത്തുകൾ നിത്യവും ലഭിക്കുന്നുണ്ട്. ഹൃദയങ്ങളെ ശുദ്ധമാക്കിക്കൊണ്ട്, ഒരു വീണ്ടുവിചാരത്തോടുകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയുന്നില്ലെങ്കിൽ, അല്ലാഹുവും അത്തരം ഹൃദയങ്ങളെ ശുദ്ധീകരിക്കുകയില്ല. അഹ്മദിയ്യത്തിനെ എതിർക്കുന്നതിൽ കൂടുതൽ തന്റേടം കാണിക്കുന്നതിനു പകരം സ്വയം ചിന്തിച്ച് മുസ്‌ലിംകൾ അല്ലാഹുവിനോട് സഹായം തേടേണ്ടതാണ്. മുല്ലാമാരേയും സമൂഹത്തേയും ഭയക്കേണ്ട കാര്യമില്ല. അല്ലാഹുവിന്റെ മുമ്പിൽ 'താൻ മുല്ലമാരേയും സമൂഹത്തേയും ഭയന്നതുകൊണ്ടാണ് അഹ്മദിയ്യത്ത് സ്വീകരിക്കാതിരുന്നത്' എന്ന വാദം വിലപ്പോകുകയില്ല. ഞാൻ പറഞ്ഞുവന്നത്, ഈയ്യിടെ അഹ്മദിയ്യത്തിനെ എതിർക്കുന്ന പ്രവണത ചിലയിടത്ത് കുറച്ചധികമാണെന്നാണ്. അതിന് മൂർച്ച കൂടിവരുന്നു. ഇനിയും ചില രാജ്യങ്ങൾ ഇവരുടെ അണിയിൽ വരികയും ചെയ്തേക്കാം.

ഉപദ്രവകാരികളായ ഈ ഓരോ സംഘത്തിനും, ഈ എതിർപ്പിന്റെ അഗ്നിയ്ക്ക് വായുവേഗം പകരാൻ പാക്കിസ്ഥാനീ മുല്ലമാരെ കിട്ടിയിട്ടുണ്ട്. അല്ലെങ്കിൽ അഹ്മദികൾക്കെതിരിലുള്ള നടപടികൾക്ക് വേഗം കൂട്ടാൻ അവർ നേരിട്ട് ചെന്ന് അന്തരീക്ഷത്തെ മലിനപ്പെടുത്തുന്നു. ഞാനാദ്യമെ പറഞ്ഞതുപോലെ അഹ്മദിയ്യത്തിനെ ഉന്മൂലനം ചെയ്യുക എന്നതാണ് അവരുടെ പദ്ധതി. പക്ഷേ, അഹ്മദിയ്യത്തിനെതിരിലുള്ള ഈ എതിർപ്പ് എന്നെന്നും വളമെന്ന നിലയിലെ അതിന് പ്രയോജനപ്പെട്ടിട്ടുള്ളൂ എന്ന കാര്യം അവർ ഓർത്തിരിക്കേണ്ടതാണ്. ആദ്യത്തേക്കാൾ ഉപരി അഹ്മദിയ്യത്തിന്റെ പുരോഗതിയുടെ കാഴ്ചകൾ നാം അത്തരം സ്ഥലങ്ങളിൽ കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നാം ശത്രുക്കളോടും മുല്ലാക്കളോടും നന്ദിയുള്ളവരുമാണ്. കാരണം അവർ നമ്മുടെ വഴി വൃത്തിയാക്കിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യത്തിലേക്ക് ശ്രദ്ധ പതിപ്പിക്കാത്തവരും, അതിലേക്ക് ശ്രദ്ധ തിരിക്കുന്നു. മുല്ലാമാർ ഇത്രമാത്രം എതിർക്കുന്ന ഈ സാധനം എന്താണെന്ന് അന്വേഷിക്കുന്നു. എല്ലാവിധ പക്ഷപാതിത്വത്തിൽനിന്നും പരിശുദ്ധനായിക്കൊണ്ട്, ശുദ്ധഹൃദയനായ ഒരു മനുഷ്യൻ അഹ്മദിയ്യത്തിനെ അടുത്തുനിന്ന് നോക്കിക്കാണുമ്പോൾ, ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളുടെ സൗന്ദര്യം അഹ്മദിയ്യാ ജമാഅത്തിൽ മാത്രം അയാൾ കാണുന്നു. ശുദ്ധപ്രകൃതക്കാരനാണെങ്കിൽ, അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ മധുരമുള്ളതും സുഗന്ധം പരത്തുന്നതുമായ കനിപോലെ വീഴാതിരിക്കാൻ അയാൾക്ക് നിർവാഹമില്ലാതാകും. അതുകൊണ്ട് ഈ പരീക്ഷണങ്ങളിൽ അഹ്മദികൾ ഒരിക്കലും പരിഭ്രമിക്കരുത്. മുഹമ്മദീ മസീഹിന്റെ പരിശുദ്ധമായ ശക്തിപ്രഭാവം കാണുക. തന്റെ യജമാനനായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ പിൻപറ്റിയ കാരണത്താൽ, ലോകത്തിന്റെ മുക്കിലും മൂലയിലും അഹ്മദി തന്റെ ജീവനും ധനവും സമയവും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായി നില്ക്കുന്നു. ഏഷ്യയിലാണെങ്കിലും, അമേരിക്കയിലാണെങ്കിലും, ആഫ്രിക്കയിലാണെങ്കിലും, വിദൂര പൗരസ്ത്യരാജ്യങ്ങളിലാണെങ്കിലും, ദ്വീപുകളിലാണെങ്കിലുമെല്ലാം അഹ്മദിയ്യത്തിനുവേണ്ടി ത്യാഗം ചെയ്യാൻ തയ്യാറായിനില്ക്കുന്നവർ തങ്ങളുടെ ജീവൻപോലും കാണിക്കയായി സമർപ്പിക്കാൻ മടിക്കുന്നവരല്ല. ഈ കാഴ്ച എല്ലാ സ്ഥലത്തും നാം കാണുന്നു. എതിർപ്പുകൾക്കുശേഷം എല്ലായിടത്തും അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടിട്ടുള്ള കാഴ്ചയാണ് നാം കണ്ടിട്ടുള്ളത്.

പാക്കിസ്ഥാനിൽ 1974-ൽ എന്തൊക്കെയാണ് ഇവർ ചെയ്തത്. എന്നിട്ട് ജമാഅത്തിന്റെ പുരോഗതി തടസ്സപ്പെട്ടോ? പിന്നീട് ഒരു ഫിർഔനെക്കാൾ വലിയൊരു ഫിർഔൻ വന്നു. ആദ്യത്തെയാൾ വിഡ്ഢിയായിരുന്നുവെന്നും വേണ്ടവിധം പ്രവർത്തിച്ചില്ലെന്നും അബദ്ധവും പിഴവും വിട്ടുംവെച്ചാണ് പോയതെന്നും അഹ്മദികളുടെ ഖലീഫ ഉൾപ്പെടെ എല്ലാ ജമാഅത്തും പശ്ചാത്തപിച്ച് തന്റെ കാൽക്കീഴിൽ വന്നുവീഴുമെന്നും ഇതല്ലാതെ അവർക്ക് വേറെ നിവൃത്തിയുണ്ടാകയില്ലെന്നും അയാൾ പറഞ്ഞു. അയാളുടെ ഈ മോഹം പൂർത്തി

യായോ? മോഹം പൂർത്തിയാകുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. എന്നല്ല, അഹ്മദികൾ റസൂൽകരീം(സ) യോടുള്ള സ്നേഹത്തിൽ ലയിച്ചും ശത്രുക്കൾ നമ്മ ളിൽനിന്ന് തട്ടിപ്പറിച്ചെടുക്കാൻ ആഗ്രഹിച്ച ആ കലി മയെ സംരക്ഷിച്ചും പാക്കിസ്ഥാനിലെ ജയിലുകൾ നിറയ്ക്കുകയാണ് ചെയ്തത്. കലിമ നമ്മുടെ നെഞ്ച കങ്ങളിൽ നിന്ന് ഇറക്കാൻ അനുവദിച്ചില്ല. ഈ കാഴ്ച അന്യരുടെ ഹൃദയത്തെ മൃദുലമാക്കിക്കൊണ്ട് അവരെ അഹ്മദിയ്യത്തിലേക്ക് ചായിച്ചില്ലേ? ശുദ്ധ പ്രകൃതക്കാരായ നിരവധിയാളുകൾ ഈ ഭാഗത്തേക്ക് ചാഞ്ഞു. ഭാഗ്യശാലികളായ അനവധി ആത്മാക്കൾ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ മടി ത്തട്ടിലേക്ക് വന്നു.

ഫിർഔന്റെ അവസ്ഥ എന്തായി? ഒരു ഫിർഔ നെ, താൻതന്നെ വളർത്തിക്കൊണ്ടുവന്നയാൾ തൂക്കി ലേറ്റിക്കൊന്നു. രണ്ടാമത്തെ ഫിർഔനെ അല്ലാഹുത ആല, തന്റെ ഒരു ദാസന്റേയും ജമാഅത്തിന്റേയും പ്രാർത്ഥന കേട്ടുകൊണ്ട് കാറ്റിൽ പറത്തിക്കളഞ്ഞു. ഇതാണ് അഹ്മദിയ്യത്തിന്റെ അല്ലാഹു. ഇതിന്റെ തിരി ച്ചറിവ്, നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ ഇന്ന് നമുക്ക് നല്കിയിരിക്കുന്നു. 'ഞാനെന്റെ ദാസന്റെ പ്രാർത്ഥന കേൾക്കുന്നു' എന്ന അല്ലാഹു വിന്റെ വാഗ്ദാനം എല്ലാ അവസ്ഥകളിലും പുലർന്നത് നാം കണ്ടു. ഇന്നും അതേ അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്റെ സംരക്ഷണത്തിനായി എഴുന്നേറ്റുനി ല്ക്കുന്നു. അവൻ തന്റെ ദാസന്റേയും മസീഹി ന്റേയും ജമാഅത്തിന്റെയും ദുആ സ്വീകരിക്കുന്നു. ഇന്നും ശത്രുക്കൾ ഈ പ്രാർത്ഥനയുടെ പിടിത്ത ത്തിൽ അമരുന്നതും അവരുടെ പൊടിപടലങ്ങൾ കാറ്റിൽ പറക്കുന്നതും ഇന്നും നിങ്ങൾ കാണുമാറാ കും. ഭരണകൂടങ്ങളാണ് ഇതിനെതിരിൽ എഴുന്നേറ്റു നില്ക്കുന്നതെങ്കിൽ അത് ധൂളീകരിക്കപ്പെടും. സംഘ ടനകളാണ് ഇതിനെതിരിൽ എഴുന്നേറ്റു നില്ക്കുന്ന തെങ്കിൽ അത് കഷണം കഷണമാകും. ചില ഘട്ട ങ്ങളിൽ ദൈവികജമാഅത്തുകൾക്ക് പരീക്ഷണങ്ങ ളിലൂടെ കടക്കേണ്ടിവരിക എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ദുആ ചെയ്തും, അങ്ങേയറ്റം ക്ഷമ യോടും സ്ഥിരചിത്തതയോടും കൂടി ഈ പരീക്ഷ ണങ്ങളിലൂടെ കടന്നുപോകേണ്ടത് ഓരോ അഹ്മദി യുടേയും പ്രവൃത്തിയാണ്. അവസാന വിജയം നമ്മു ടേതാണ്. തീർച്ചയായും നമ്മുടേതാണ്. ഇൻശാഅ ല്ലാഹ്. ഒരു ഭൗതികശക്തിയ്ക്കും ഈ വിജയത്തെ തടഞ്ഞുനിർത്താൻ കഴിയില്ല. ഇത് അല്ലാഹുവിന്റെ വാക്കുകളാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അവനത് വാഗ്ദാനം ചെയ്തതാണ്. ഇത് തീർച്ചയായും പുലരും, പുലരുകതന്നെ ചെയ്യും ഇൻശാഅല്ലാഹ്. അതുകൊണ്ട് ഞാൻ പാക്കിസ്ഥാനിലെ അഹ്മദിക ളോടും പറയുകയാണ്, ഈയിടെയുള്ള അവസ്ഥ മന സ്സിലാക്കി പ്രാർത്ഥനയിലേക്ക് കൂടുതൽ ശ്രദ്ധിക്കു ക. നമ്മുടെ ശിക്ഷണത്തിനായി നാം പ്രസിദ്ധീകരി ക്കുന്ന പത്രമായ അൽഫസ്ൽ തുടങ്ങിയവയുടെ മേൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടി രിക്കുന്നു. ഭീകരപ്രവർത്തനം നടത്തി എന്ന നിലയി ലുള്ള കേസുകളാണ് സർക്കാറിന്റെയാളുകൾ വന്ന് ഫയൽ ചെയ്യുന്നത്. നിത്യവും അകാരണമായി ഡസൻകണക്കിന് നിരപരാധികളുടെ ജീവനെടു ക്കുന്ന യഥാർത്ഥത്തിലുള്ള ഭീകരവാദികൾ- നിയമ പരമായ നടപടികൾ സ്വീകരിക്കുന്നവരെ ശഹീദാക്കി രക്ഷപ്പെടുന്നത്, മരിച്ചയാൾ അഹ്മദിയായതുകൊ ണ്ടാണ്. അവർ നിരപരാധികളായ നിരവധി സ്ത്രീക ളേയും കുട്ടികളേയും വിധവകളും യത്തീംകളുമാ ക്കിത്തീർക്കുന്നു. എന്നാൽ, അവരുടെമേൽ കൈവ യ്ക്കാൻ ആരും തയ്യാറല്ല. കാരണം വലിയ വലിയ നേതാക്കളുമായിട്ടാണ് അവരുടെ ബന്ധങ്ങൾ. അൽഫസ്ൽ പത്രത്തിന്റേയും ജമാഅത്തിന്റെ ശിക്ഷ ണത്തിനായി പ്രസിദ്ധീകരിക്കുന്ന ഏതെങ്കിലും പ്രസിദ്ധീകരണത്തിന്റേയും പ്രിന്റർക്കും, മാനേ ജർക്കും പബ്ലിഷർക്കുമെതിരിൽ, 'അല്ലാഹ് എന്റെ റബ്ബാണെന്നും മുഹമ്മദ്(സ) അവന്റെ റസൂലാ ണെന്നും നബിയാണെന്നും ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അവന്റെ മസീഹും മഹ്ദിയുമാ ണെന്നും' ഈ പത്രത്തിൽ എന്തിനെഴുതി എന്ന് പറഞ്ഞ് കേസ്സെടുക്കുകയാണ്. ഇത് ഭീകരതയാണെ ങ്കിൽ ആയിരംവട്ടവും ആ ഭീകരത ഞങ്ങൾ സമ്മതി ക്കുന്നു.

ഇന്ത്യയിൽ എവിടെയൊക്കെ മുസ്ലിംകൾ തിങ്ങിപാർക്കുന്നുവോ, അവിടെയൊക്കെ അഹ്മദി യ്യത്തിന് എതിർപ്പുണ്ട്. ഒരഹ്മദി മുഅല്ലിമിനെ ശഹീ ദാക്കി ജഡം മരത്തിൽ കെട്ടിത്തൂക്കിയത്, ഇമാം മഹ്ദി വന്നിരിക്കുന്നുവെന്ന് അയാൾ പറഞ്ഞതിനാ ണ്. ബംഗ്ലാദേശിൽ പള്ളിക്കുനേരെ ആക്രമണവും കല്ലേറിയലും മർദ്ദനവും ശഹാദത്തും ഉണ്ടാകുന്നത് അഹ്മദികൾ ***റബ്ബനാ ഇന്നനാ സമിഅ്നാ മുനാദി യൻയ്യുനാദീലിൽ ഈമാൻ-*** ഞങ്ങളുടെ നാഥാ,

സത്യവിശ്വാസത്തിലേക്ക് വിളിക്കുന്ന ഒരാളുടെ വിളി ഞങ്ങൾ കേട്ടു– എന്ന് പ്രഖ്യാപിച്ചതിനാണ്. നബി(സ) തിരുമേനിയുടെ നിർദ്ദേശത്തിന് ലബ്ബൈക്ക് പറഞ്ഞു കൊണ്ട് വരേണ്ടുന്ന മസീഹിനേയും മഹ്ദിയേയും വിശ്വസിച്ചുവെന്ന കാരണത്താൽ ഇന്തോനേഷ്യയിൽ ജമാഅത്തിന്റെ കെട്ടിടങ്ങളുടെ നേരെ കല്ലേറിയു കയും പള്ളികൾ തകർക്കുകയും അഹ്മദികളെ അടി ക്കുകയും തൊഴിക്കുകയും ചെയ്യുന്നു.

ഉള്ളിൽനിന്നുകൊണ്ട് ഇസ്‌ലാമിനെ നശിപ്പി ക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ഈ ദുഷ്ടപ്രകൃ തക്കാരായ മുല്ലാക്കളോടൊപ്പം ഇവരെന്തിനാണ് നില്ക്കുന്നത്? ഭരണകൂടങ്ങൾ തങ്ങളുടെ ഇച്ഛയ്ക്ക നുസരിച്ച് അവരെ ഉപയോഗിക്കുന്നു. എന്നാൽ, നോക്കുക ദൂരെയിരിക്കുന്ന അഹ്മദികളുടെമേലും അതിക്രമം ഉണ്ടാകുന്നു. അവരിലാർക്കും ഇതുവരെ ഏതെങ്കിലും ഖലീഫയുമായി കൂടിക്കാഴ്ച നടത്താ നായിട്ടില്ല. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന ഖലീഫയുടെ ശബ്ദം മാത്രമാണ് അവർ ശ്രവി ച്ചിട്ടുള്ളത്. അവരുടെ ആത്മാർത്ഥതയും കൂറും ഈമാ നികാവസ്ഥയും കാണുമ്പോൾ അസൂയ തോന്നുന്നു. തങ്ങളോട് ചെയ്ത എല്ലാ ബുദ്ധിമുട്ടുകളും സഹിച്ചും അതിനെ അവഗണിച്ചുംകൊണ്ട് മസീഹ് മഹ്ദിയുടെ കൈയിൽ ചെയ്ത വാഗ്ദാനം അവർ നിറവേറ്റിക്കാ ണിച്ചു. അവരുടെ ചുവടുകൾ ഒരിക്കലും ഇളകിയില്ല.

ഈയിടെയായി ശ്രീലങ്കയിലും മുല്ലാമാരുടെ ലീഡറായ ഒരു മുല്ലായും പാക്കിസ്ഥാനിൽനിന്ന് പരി ശീലനം നേടി വന്നിരിക്കയാണ്. അയാൾക്ക് സംസ്ഥാന സർക്കാരുമായി കുറച്ചുബന്ധങ്ങളുണ്ട്. അയാൾ അഹ്മദികളുടെ മേൽ ആക്രമണം നട ത്താൻ നേതൃത്വം നല്കുന്നു. വാടകഗുണ്ടകൾ മുഖേ നയാണ് ഇത് നടത്തുന്നത്. ഭൂരിഭാഗം തദ്ദേശവാസി കളുമായും അയാൾക്ക് ബന്ധമൊന്നുമില്ല. വെളിയിൽ നിന്ന് വാടക ഗുണ്ടകളെ കൊണ്ടുവന്ന് അഹ്മദിക ളുടെമേൽ ആക്രമണം നടത്തി ഇസ്‌ലാമിന് 'സേവനം' ചെയ്യുകയാണത്രെ ഇയാൾ. റമളാൻമാ സത്തിൽ അഹ്മദികളെ വധിക്കുകയാണെങ്കിൽ, പ്രതിഫലം കിട്ടുമെന്ന് ഇയാൾ പറയുന്നു. ഈയിടെ ബൽഗേരിയായിലും അവസ്ഥകൾ മോശമായിക്കൊ ണ്ടിരിക്കുകയാണ്. ജമാഅത്തിനെതിരിൽ ഭരണതല ത്തിൽ നടപടി നടക്കുകയാണ്. ഈ രാജ്യത്ത് 13,14 ശതമാനം മുസ്‌ലിംകളാണുള്ളത്. എണ്ണയുടെ ഡോളർ പറ്റുന്ന ഏതെങ്കിലും മുല്ലാ, തന്റെ പോക്കറ്റ് നിറയ്ക്കുന്നതിനുവേണ്ടി തീർച്ചയായും സർക്കാ രിനെ തെറ്റായവഴിയിലേക്ക് നയിക്കുന്നുണ്ട്. ഹൈക്കോർട്ടിൽ കേസ് നിലവിലുണ്ട്. പക്ഷേ, ഈ നാടുകളിലെ ഹൈക്കോർട്ടിന്റെ അവസ്ഥയും നമ്മു ടെ ചില പൗരസ്ത്യദേശത്തുള്ളതുപോലെതന്നെയാ ണ്. നമ്മുടെ സ്വന്തം നാട്ടിലേതുപോലെയാണ്. അല്ലാഹു ഇക്കൂട്ടർക്ക് നീതിയോടെ പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ശരിയായ നിലയിൽ വിധി പറയുകയാണെങ്കിൽ അത് തീർച്ചയായും ജമാ അത്തിനനുകൂലമായിരിക്കും.

ഇവിടത്തെ ജമാഅത്തും പുതിയ ജമാഅത്താ ണ്. എന്നാൽ, ആത്മാർത്ഥതയിലും കൂറിലുമുള്ള അവരുടെ വളർച്ച അത്ഭുതപ്പെടുത്തുന്നതാണ്. കൂടി ക്കാഴ്ച നടത്തുമ്പോൾ വികാരനിർഭരരായിത്തീരു ന്നു. ജർമ്മനി ജൽസയിൽ അധികമാളുകളും മാറി മാറി പങ്കെടുക്കാറുണ്ട്. വിവിധ സംഘങ്ങളായി വന്നും പോയുമിരിക്കുന്നു. കൂടിക്കാഴ്ചകളും നട ക്കുന്നു. വല്ലാത്തൊരു വികാരനിർഭരമായ അവസ്ഥ യാണുണ്ടാകുന്നത്. അവർക്കുവേണ്ടി ദുആ ചെയ്യാൻ, ലോകത്തുള്ള എല്ലാ അഹ്മദികളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. അല്ലാഹു അവരുടെ ഈമാനിലും യഖീനിലും കൂടുതൽ ശക്തി നല്കു കയും അതിൽ അവർ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരി ക്കുകയും ചെയ്യുമാറാകട്ടെ. അല്ലാഹു എല്ലാ പരീ ക്ഷണഘട്ടങ്ങളേയും വിജയത്തോടെ തരണം ചെയ്യാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഇവ രോടെല്ലാവരോടും ഞാൻ പറയുകയാണ്, മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുണ്ട്, അല്ലാഹുവിന്റെ മുന്നിൽ കുനിയുക. അല്ലാഹുവിന്റെ മുന്നിൽ കുനിയുക. അല്ലാഹുവിന്റെ മുന്നിൽ കുനിയുക. ഇതൊരു താൽക്കാലിക പരീക്ഷണമാണ്. അത് കടന്നുപോകും. ആ സർവ്വശക്തന്റെ കരം നമ്മുടെ മീതെയുണ്ട്. അല്ലാഹുവിനോട്, അവന്റെ കരുണ തേടിക്കൊണ്ട്, ഈ പരീക്ഷണത്തിന്റെ ശക്തിയെ ദുആ മുഖേന കുറ യ്ക്കാൻ ശ്രമിക്കുക. ദുആ ചെയ്യുക, ദുആ ചെയ്യു ക. നല്ലവണ്ണം ദുആ ചെയ്യുക. അല്ലാഹുതആല ശത്രു ക്കളെ പിടിച്ചൊതുക്കിയ കാഴ്ചകൾ നമ്മൾ ഈ ലോകത്ത് മുമ്പേയും കണ്ടതാണ്, അതിനെക്കു റിച്ചാണ് ഞാൻ പറഞ്ഞുവന്നത്. സത്യവിശ്വാസികളെ പരിഹസിക്കുന്നവരേയും, അവരെ ബുദ്ധിമുട്ടിക്കുന്ന വരേയും താൻ അടുത്തലോകത്തും പിടിക്കുന്നതാ ണെന്ന് അല്ലാഹു പറയുന്നു. തങ്ങളുടെ ദുഷ്പ്രവൃ

ത്തികൾ കാരണത്താൽ, അവരുടെ നിലവിളിയോ മാപ്പ് ചോദിക്കലോ അവർക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. എന്നാൽ അല്ലാഹുവിന്റെ സത്യവിശ്വാസികളായ ദാസന്മാരെക്കുറിച്ച്, അവർ ദുആ ചെയ്യാറുണ്ടായിരുന്ന കാരണത്താൽ, ആ സമയത്ത് അല്ലാഹു എതിരാളികളോട് പറയും: 'ഇന്നിവർ വിജയികളാണ്, ഇവരെയാണ് നിങ്ങൾ പരിഹസിക്കാറുണ്ടായിരുന്നത്. നിങ്ങൾ ഇന്ന് നിന്ദ്യരായിക്കൊണ്ട് നരകത്തിന്റെ തീയിൽ വീണുകിടക്കുന്നു.'

അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കുന്നതിനുള്ള ആ ദുആ ഇക്കാലത്ത് ചൊല്ലേണ്ടതാണ്. അതിലൊന്ന് ഇതുംകൂടിയാണ്. ***റബ്ബനാ ആമന്നാ ഫഗ്ഫിർലനാ വർഹംനാ വ അൻത ഖയ്റുർറാഹിമീൻ***. ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെമേൽ കരുണ കാണിക്കേണമേ. നീ കരുണ കാണിക്കുന്നവരിൽ ഏറ്റവും ഉത്തമനാണ്.

ദുആ ചെയ്തും എതിരാളികളുടെ പരിഹാസവും അവഹേളനവും ബുദ്ധിമുട്ടുകളും അവഗണിച്ചും നിലകൊള്ളുന്ന സത്യവിശ്വാസി, തന്റെ വിശ്വാസത്തിൽ സന്തോഷവാനായിരിക്കുകയും സ്ഥിരചിത്തത കാണിക്കുകയും അല്ലാഹു ഇവിടേയും അടുത്തലോകത്തും ഉത്തമമായ പ്രതിഫലം നല്കുമെന്ന ദൃഢവിശ്വാസത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്ന കാരണത്താൽ തന്റെ വാഗ്ദാനം അവൻ പൂർത്തിയാക്കിക്കൊണ്ട് തീർച്ചയായും കരുണ കാണിക്കും. പാപപ്പൊറുതിക്കുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും. അല്ലാഹുവിന്റെ വഴിയിൽ അവൻ വഹിച്ച ത്യാഗങ്ങൾ ഒരിക്കലും പാഴായി പോവുകയില്ല. നമ്മുടെ ജോലി ദുആയിലേക്ക് കൂടുതൽ ശക്തിചെലുത്തുകയും ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ്. റമളാനുശേഷമുള്ള ഈ ദിനങ്ങൾ, ഇത് ശവ്വാൽ മാസമാണ്, ഇതിനും വളരെ പ്രാധാന്യമുണ്ട്. നബി(സ) തിരുമേനി ഈ മാസത്തിൽ തുടക്കത്തിലെ 6 ദിവസം എപ്പോഴും നോമ്പ് പിടിക്കാറുണ്ടായിരുന്നു. റമളാനിലെ നോമ്പും കൂടികൂട്ടിയാൽ 36 നോമ്പ്, വർഷം മുഴുവനും നോമ്പു നോറ്റതിന് തുല്യമാകുന്നതാണ്. അതായത്, ഈ നഫ്ലീ നോമ്പും അല്ലാഹുവിന്റെ പാപപ്പൊറുതിയേയും കാരുണ്യത്തേയും ആകർഷിക്കുന്നതിനുള്ള മാർഗ്ഗമാണ്. സുന്നത്താണ്. ഒരുപാട് അഹ്മദികൾ ഈ ദിനങ്ങളിലും നോമ്പ് പിടിക്കാറുണ്ട്. അവർ ജമാഅത്തിനുവേണ്ടി ശക്തമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ സ്നേഹം ആകർഷിച്ചെടുക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നഫ്ലുകൾ അനുഷ്ഠിക്കുന്നതിലൂടെ സത്യവിശ്വാസി തന്റെ സമീപസ്ഥനായിത്തീരുന്നുവെന്ന് അല്ലാഹു പറഞ്ഞതായി സഹീഹ് ബുഖാരിയിൽ ഹദീസുണ്ട്. ഒന്ന് ഫർളുകളാണ്. മറ്റൊന്ന് നഫ്ലുകളാണ്. അതായത് ഒന്ന് കടമ എന്ന നിലയിൽ നിർബന്ധമായും ചെയ്യേണ്ടതാണ്. നഫ്ലുകൾ കൂടുതലായിട്ട് അനിവാര്യമായും ചെയ്യേണ്ടതാണ്. ഫർളായ കാര്യങ്ങളിൽ എന്തെങ്കിലും കുറവ് വന്നാൽ അത് പൂർത്തിയാകുന്നതിനായിട്ടാണ് നഫ്ലുകൾ വെച്ചിട്ടുള്ളത്. ആളുകൾ മനസ്സിലാക്കുന്നത് നമസ്കാരത്തിനു മാത്രമെ നഫ്ൽ ഉള്ളൂവെന്നാണ്. അങ്ങനെയല്ല. ഓരോ പ്രവൃത്തിയുടെയും കൂടെ നഫ്ലുകൾ ഉണ്ട്. മനുഷ്യൻ സക്കാത്ത് കൊടുക്കുമ്പോൾ, അതിനു പുറമെയും കൊടുക്കുക. റമളാനിൽ നോമ്പ് പിടിക്കുന്നതിനു പുറമെയും നോമ്പു പിടിക്കുക. കടം വീട്ടുമ്പോൾ കുറച്ചധികം കൊടുക്കുക. ആരുടെ കൈയിൽ നിന്നെങ്കിലും കടം മേടിച്ചിട്ടുണ്ടെങ്കിൽ, തിരിച്ചുകൊടുക്കുമ്പോൾ കുറച്ചു കൂടുതൽ കൊടുക്കുക. കാരണം കടം തന്ന ആൾ തന്റെ ഔദാര്യമാണ് കാണിച്ചിട്ടുള്ളത്.

വീണ്ടും പറഞ്ഞു: നഫ്ലുകൾ അനിവാര്യ കടമകളാണ്. നഫ്ൽ അനുഷ്ഠിക്കുമ്പോൾ മനസ്സിൽ ഭയഭക്തിയും പേടിയും ഉണ്ടാകുന്നു. നിർബന്ധകടമകൾ നിറവേറ്റുന്നതിൽ വന്നിട്ടുള്ള കുറവുകൾ നികത്തപ്പെടുന്നു. ദൈവസാമീപ്യം പ്രാപിക്കുന്നതിന് നഫ്ലുകൾക്ക് വലിയ ബന്ധമുണ്ടെന്ന് പറയുന്നതിന്റെ രഹസ്യമിതാണ്. ഭയഭക്തിയും വണക്കവും ഭൗതികതയോടുള്ള വിരക്തിയും അതിലുണ്ടാകുന്നു. ശവ്വാലിലെ 6 നോമ്പ് നഫ്ലുകളാണ്. അല്ലാഹുവിനോടുള്ള പരിപൂർണ്ണമായ സ്നേഹം നഫ്ലുകൾ മുഖേനയാണ് ഉണ്ടാകുന്നതെന്ന കാര്യം ഓർക്കുക. ഇതിന്റെ ഫലമായി താൻ സത്യവിശ്വാസികളുടെ ദൃഷ്ടിയായിത്തീരുന്നുവെന്ന് അല്ലാഹു പറയുന്നു. അതായത് എവിടെയാണോ തന്റെ ഇച്ഛ ഉണ്ടാകുന്നത് അവിടെ അവരുടെ ദൃഷ്ടി പതിയുന്നു. ദുആകളും നഫ്ലുകളും മുഖേന അല്ലാഹുവിന്റെ സമീപസ്ഥനാകാൻ ശ്രമിക്കുക. മുസ്‌ലിം രാഷ്ട്രങ്ങളിലും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ, സ്വതന്ത്രമായിട്ടും എളുപ്പമായിട്ടും എത്തിക്കാനുള്ള സാഹചര്യം

അല്ലാഹു എത്രയും വേഗം തുറക്കുമാറാകട്ടെ.

നബി(സ) തിരുമേനി ചെയ്ത ചില ദുആകൾ ഞാൻ ചൊല്ലുകയാണ്. അതുപോലെ ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആകളും ചെയ്യുന്നതാണ്. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാതരം ഉപദ്രവങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. ഹസ്റത്ത് സുഹൈബ്(റ) നിവേദം ചെയ്യുന്നു. നബി (സ) തിരുമേനി ഏതെങ്കിലും നാട്ടിൽ പ്രവേശിക്കുമ്പോൾ, ആ നാട് കണ്ടയുടനെ- അതിൽ പ്രവേശിക്കുന്നതിനു മുമ്പേ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു.

ഏഴാകാശങ്ങളുടേയും ഏതൊന്നിലാണോ അവയുടെ തണലുള്ളത് അതിന്റേയും രക്ഷിതാവേ, ഏഴു ഭൂമിയുടേയും, എന്തൊന്നാണോ അവ വഹിച്ചിട്ടുള്ളത് അവയുടേയും രക്ഷിതാവേ, ശയ്ത്വാൻമാരുടേയും അവർ വഴിപിഴച്ചവരുടേയുമെല്ലാം രക്ഷിതാവേ, കാറ്റുകളുടേയും അവ പറപ്പിച്ചുകളയുന്നതിന്റേയും രക്ഷിതാവേ! ഞങ്ങൾ നിന്നോട് ഈ നാടിന്റേയും ഇതിൽ വസിക്കുന്നവരുടേയും ഇതിലുള്ളവയുടേയും ഗുണത്തിനും നന്മയ്ക്കുമായി പ്രാർത്ഥിക്കുന്നു. ഞങ്ങൾ ഈ നാടിന്റേയും ഇതിലെ വാസികളുടേയും എന്തൊന്നാണോ അവയിലുള്ളത് അവയുടേയും ഉപദ്രവങ്ങളിൽനിന്ന് നിന്നോട് അഭയം തേടുന്നു.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. ***യാ ഹയ്യൂം യാ ഖയ്യൂം ബി റഹ്മത്തിക്ക അസ്തഗീസ്*** എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവേ, ഞാൻ നിന്റെ കാരുണ്യം തേടുന്നു. ഈ ദുആ അധികമായി ചെയ്യാൻ ഹസ്റത്ത് മസീഹ്(അ) പറഞ്ഞിട്ടുണ്ട്.

ഹസ്റത്ത് രിഫാ(റ) നിവേദനം ചെയ്യുന്നു. ഉഹദ് യുദ്ധത്തിൽ ശത്രുക്കൾ പിന്തിരിഞ്ഞുപോയപ്പോൾ നബി(സ) പറഞ്ഞു: സഫ്ഫ് നേരെയാക്കുക. എന്റെ റബ്ബിനെ സ്തുതിക്കുക. സ്വഹാബിമാർ അവിടത്തെ പിന്നിൽ അണികളായി നിന്നു. എന്നിട്ട് അവിടന്ന് ഇങ്ങനെ ദുആ ചെയ്തു:

അല്ലാഹുവേ, സകലസ്തുതിയും കീർത്തനവും നിനക്കാണ്. നീ സമൃദ്ധി നൽകുന്നവന് ഞെരുക്കമുണ്ടാക്കാൻ ആരെക്കൊണ്ടും കഴിയില്ല. നീ ഞെരുക്കമുണ്ടാക്കുന്നവന് സമൃദ്ധി നൽകാനും ആർക്കും സാധ്യമല്ല. നീ വഴിപിഴച്ചവനെന്ന് വിധിക്കുന്നവന് സന്മാർഗ്ഗം നൽകാൻ ആർക്കും സാധ്യമല്ല. നീ സന്മാർഗ്ഗം നൽകുന്നവനേ വഴിപിഴപ്പിക്കാൻ ആർക്കും സാധ്യമല്ല. നീ കൊടുക്കാത്തവന് ആർക്കും ഒന്നും കൊടുക്കാനും കഴിയില്ല. നീ കൊടുക്കുന്നവന് അത് തടയാനും ആർക്കും കഴിയില്ല. നീ അകറ്റുന്നവനെ അടുപ്പിക്കാൻ ആർക്കും സാധ്യമല്ല. നീ അടുപ്പിക്കുന്നവനെ അകറ്റാനും ആർക്കും സാധ്യമല്ല. അല്ലാഹുവേ, നിന്റെ ബർക്കത്തിന്റേയും രിസ്ഖിന്റേയും വാതിലുകൾ ഞങ്ങൾക്കായി തുറക്കേണമേ. അല്ലാഹുവേ, ഒരിക്കലും മാഞ്ഞുപോകാത്തതും അവസാനിക്കാത്തതും എന്നെന്നും നിലനില്ക്കുന്നതുമായ നിഅ്മത്തുകൾ നിന്നോട് ഞങ്ങൾ ചോദിക്കുന്നു. അല്ലാഹുവേ, ദാരിദ്ര്യത്തിന്റേയും പട്ടിണിയുടേയും കാലത്തേക്ക് നിന്റെ നിഅ്മത്തുകൾ ഞങ്ങൾ നിന്നോട് ചോദിക്കുന്നു. പേടിയുണ്ടാകാൻ ഇടയുള്ള നേരത്ത് ഞങ്ങൾ നിന്നോട് സമാധാനം തേടുന്നു. അല്ലാഹുവേ, നീ എന്തൊന്ന് ഞങ്ങൾക്ക് നൽകിയോ അതിന്റെ ഉപദ്രവങ്ങളിൽനിന്ന് നിന്നോട് ഞങ്ങൾ അഭയം തേടുന്നു. നീ തരാത്തതിന്റെ ഉപദ്രവങ്ങളിൽനിന്നും അഭയം തേടുന്നു. അല്ലാഹുവേ, ഈമാൻ ഞങ്ങൾക്ക് പ്രിയങ്കരമാക്കേണമേ. ഞങ്ങളുടെ മനസ്സുകളിൽ അത് സൃഷ്ടിച്ചാലും. ഞങ്ങളെ സന്മാർഗ്ഗപ്രാപ്തരിൽ ഉൾപ്പെടുത്തിയാലും. അല്ലാഹുവേ മുസ്ലിമായിരിക്കുന്ന അവസ്ഥയിൽ നീ ഞങ്ങളെ മരിപ്പിക്കേണമേ. മുസ്ലിമായിരിക്കുന്ന അവസ്ഥിൽ നീ ഞങ്ങളെ ജീവിപ്പിക്കേണമേ. സാത്വികന്മാരിൽ ഞങ്ങളെ ഉൾപ്പെടുത്തേണമേ. ഞങ്ങളെ അപമാനിക്കരുതേ. ഒരു ഫിത്നയിലും ഞങ്ങളെ അകപ്പെടുത്തരുതേ. അല്ലാഹുവേ, നിന്റെ റസൂൽമാരെ നിഷേധിക്കുകയും നിന്റെ വഴി തടയുകയും ചെയ്യുന്ന ഈ അവിശ്വാസികളെ നീ തന്നെ നശിപ്പിക്കേണമേ. ഇവരുടെമേൽ നിന്റെ ശിക്ഷയും കോപവും ഇറക്കേണമേ. ഈ റസൂൽ സത്യവാനാണെന്ന് പറഞ്ഞ് ഗ്രന്ഥം കൊടുത്തിട്ടുള്ള ഈ അവിശ്വാസികളേയും നീ നശിപ്പിക്കേണമേ.

ഹസ്റത്ത് അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ മഹത്വമുടയവനും സഹനശീലനുമാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ മഹത്തര

മായ അർശിന്റെ നാഥനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ആകാശത്തിന്റേയും ഭൂമിയുടേയും ആദരണീയമായ അർശിന്റേയും നാഥ നാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നേയും അല്ലാഹു വെളിപാട് മുഖേന ദുആകൾ പഠിപ്പിച്ചിട്ടു ണ്ട്. ***റബ്ബി കുല്ലുശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ*** എന്റെ നാഥാ, എല്ലാ വസ്തുക്കളും നിന്റെ സേവകരാണ്. എന്റെ നാഥാ, എന്നെ സംരക്ഷിച്ചാലും. എന്നെ സഹായി ച്ചാലും. എന്നിൽ കരുണ ചൊരിഞ്ഞാലും.

***റബ്ബനഫ്തഹ് ബയ്നനാ വബയ്നഹും*** ഞങ്ങ ളുടെ രക്ഷിതാവേ, ഞങ്ങളുടേയും ഞങ്ങളുടെ ശത്രു ക്കളുടേയും ഇടയിൽ നീ വിധി കല്പിച്ചാലും.

അനാദ്യനും അനന്തനുമായ അല്ലാഹുവേ, ചെന്നായ്ക്കളെ നീ പിടിച്ചുകെട്ടിയാലും. ***റബ്ബിഇന്നീ മഗ്ലൂബൻ ഫൻതസിർ*** എന്റെ നാഥാ, ഞാൻ (ലോ കരുടെ ദൃഷ്ടിയിൽ) പരാജിതനാണ്. നീ എന്നെ സഹാ യിക്കേണമേ. ***ഫ സഹ്ഹിഖ്ഹും തസ്ഹീഖാ*** ഇവരെ നീ പൊടിപൊടിയാക്കിയാലും.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. രാത്രിയിൽ എഴുന്നേറ്റെഴുന്നേറ്റ് നിങ്ങൾ ദുആ ചെയ്യുക. അവന്റെ ഫള്ലിനെ തേടുക. ഓരോ നമ സ്കാരത്തിലും ദുആ ചെയ്യാൻ ഒരുപാട് അവസര ങ്ങൾ ഉണ്ട്. റുഖൂഅ്, ഖിയാം, ഖഅ്ദ, സജ്ദ തുടങ്ങി യവ. പിന്നീട് എല്ലാ സമയവും അഞ്ച് പ്രാവശ്യം നമസ്കരിക്കുന്നു. ഫജ്ർ, ളുഹ്ർ, അസ്ർ, മഗ്രിബ്, ഇശാഅ്. ഇതിനേക്കാളുപരി രാത്രിയിൽ തഹജ്ജുദ് നമസ്കാരവുമുണ്ട്. ഇതെല്ലാം ദുആയുടെ അവസര ങ്ങളാണ്." അതുകൊണ്ട് നമ്മുടെ ജോലി ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്.

വിവിധ സമയങ്ങളിൽ വിവിധ അവസ്ഥകളി ലുള്ള പ്രാർത്ഥനകൾ നബി(സ) നമ്മെ പഠിപ്പിച്ചിരി ക്കുന്നു. ഇക്കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു പറഞ്ഞ ചില ദുആകൾ ഞാൻ മുമ്പേയും കേൾപ്പിച്ചിട്ടുള്ളതാണ്. കാലഘട്ട ത്തിനനുസരിച്ച് നാം അത് ചൊല്ലേണ്ടതാണ്. ഏറ്റവും വലിയ കാര്യം ഹസ്റത്ത് മസീഹ് മൗഊദ്(അ) പറ ഞ്ഞിട്ടുള്ളതുപോലെ ആദ്യം ഫർളായ കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. അതിനുശേഷം നഫ്ലുകളി ലേക്ക് ശ്രദ്ധ തിരിക്കണം. ഇത് വളരെ അനിവാര്യമാ ണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധ രണി കേൾപ്പിച്ചുകൊണ്ട് ആ മഹാത്മാവിനെ സംബ ന്ധിച്ച് അനാവശ്യം പുലമ്പുന്നവരോട് അല്ലാഹുവിനെ ഭയപ്പെടാൻ ഞാൻ പറയുകയാണ്. അവിടന്ന് പറഞ്ഞു: അല്ലയോ ഉറങ്ങുന്നവരേ, ഉണരുക. അല്ലയോ അശ്രദ്ധരേ എഴുന്നേറ്റിരിക്കുക. ഒരു മഹാ വിപ്ലവത്തിന്റെ സമയം വന്നെത്തിയിരിക്കുകയാണ്. ഇത് കരയേണ്ട സമയമാണ്. ഉറങ്ങേണ്ട സമയമല്ല. ഇത് താണുകേണ് അപേക്ഷിക്കേണ്ട സമയമാണ്. പരിഹസിക്കേണ്ടതും അപമാനിക്കേണ്ടതുമായ സമ യമല്ല. ഉദാരനായ അല്ലാഹു നിങ്ങൾക്ക് കണ്ണുകൾ നൽകുന്നതിനായി നിങ്ങൾ ദുആ ഇരക്കുക; ഇപ്പോ ഴത്തെ അക്രമങ്ങളെ മുഴുവൻ, പരിപൂർണ്ണമായും നിങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനുവേണ്ടി. ഇപ്രകാ രംതന്നെ ഈ അക്രമങ്ങളെ വിപാടനം ചെയ്യാൻവേണ്ടിയും അല്ലാഹുവിന്റെ കാരുണ്യം തയ്യാറാക്കിയിട്ടുള്ള ആ പ്രകാശം ലഭിക്കുന്നതിനു വേണ്ടിയും. രാത്രിയിൽ എഴുന്നേല്ക്കുക. അല്ലാഹു വിനോട് കരഞ്ഞുകരഞ്ഞ് പ്രാർത്ഥിക്കുക. അന്യായ മായ നിലയിൽ ദൈവികജമാഅത്തിന്റെ നാശത്തി നായി പ്രാർത്ഥിക്കാതിരിക്കുക. അതിനുള്ള പദ്ധ തിയും ചിന്തിക്കാതിരിക്കുക. അല്ലാഹു നിങ്ങളുടെ അശ്രദ്ധയുടേയും മറവിയുടേയും തീരുമാനത്തെ പിന്തുടരുന്നവനല്ല. അവൻനിങ്ങളുടെ ബുദ്ധിയിലും മനസ്സിലുമുള്ള വിഡ്ഢിത്തങ്ങൾ വെളിപ്പെടുത്തുന്ന താണ്. തന്റെ ദാസനുവേണ്ടി പ്രവർത്തിക്കുന്നതാണ്. ഈ മരത്തെ ഒരിക്കലും മുറിച്ചുകളയുകയില്ല. ഇത വൻ തന്റെ സ്വന്തം കൈകൊണ്ട് വെച്ചുപിടിപ്പിച്ചതാ ണ്. ഫലം കൊണ്ടുവരുമെന്ന് പ്രതീക്ഷയുള്ള ഈ ചെടിയെ മുറിക്കാൻ നിങ്ങളിൽ ആർക്കെങ്കിലും കഴി യുമോ? ഈ മരത്തിന്റെ അനുഗ്രഹീതഫലം കാത്തി രിക്കുന്ന ബുദ്ധിമാനും വിവേകശാലിയുമായ അല്ലാഹു ഈ മരത്തെ മുറിക്കുമെന്നോ! മനുഷ്യരായ നിങ്ങൾപോലും അതിന് ആഗ്രഹിക്കുകയില്ലല്ലോ. അപ്പോൾ അദൃശ്യകാര്യങ്ങൾ അറിയുന്നവനും ഓരോ ഹൃദയത്തിന്റേയും അടിവരെ എത്തിനില്ക്കുന്നവനു മായ അല്ലാഹു അതെങ്ങനെ ചെയ്യാനാണ്?

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനെ ഓർമ്മി ക്കുക. നിങ്ങൾ ഈ പോരാട്ടത്തിൽ നിങ്ങളുടെതന്നെ അവയവങ്ങളിലാണ് വാളുകൊണ്ട് വെട്ടുന്നത്. അന്യാ യമായി നിങ്ങൾ തീയിൽ കൈയിടാതിരിക്കുക; അത് ആളിക്കത്തുകയും നിങ്ങളുടെ കൈ ഭസ്മീകരിച്ചു

കളയുകയും ചെയ്യാതിരിക്കട്ടെ. ഈ ജോലി മനുഷ്യന്റേതായിരുന്നുവെങ്കിൽ അതിനെ നശിപ്പിക്കുന്ന ഒരുപാടാളുകൾ ജന്മം കൊള്ളുമായിരുന്നു. ഒരിക്കലും ഇത് 12, 13 വയസ്സുള്ള യുവത്വകാലം പ്രാപിക്കുമായിരുന്നില്ല.

നിങ്ങളുടെ ദൃഷ്ടിയിൽ ഏതെങ്കിലും കറ്റുകെട്ടുകാരൻ അല്ലാഹുവിൽ കറ്റുകെട്ടി പറഞ്ഞുകൊണ്ട് ഇത്ര ദീർഘകാലം ജീവിച്ചിരുന്നിട്ടുണ്ടോ? വ്യസനകരമെന്നുപറയട്ടെ, നിങ്ങൾ അല്ലാഹുവിന്റെ ഈ വചനങ്ങളിൽ ചിന്തിക്കുന്നില്ല. നബി(സ)നെ കുറിച്ച് അല്ലാഹു പറയുന്നു: "എന്റെ മേൽ അണുഅളവ് കറ്റുകെട്ടി പറഞ്ഞാൽ നിന്റെ ജീവനാഡി ഞാൻ അറുത്തുകളയും."

നബി(സ)യേക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ടവനാരാണ്? ഇത്രയും നാൾ കറ്റുകെട്ടി പറഞ്ഞുകൊണ്ട് ഇത്ര ദീർഘകാലം രക്ഷപ്പെട്ടിരിക്കാൻ ആർക്കാണ് കഴിയുക? എന്നല്ല, അല്ലാഹുവിന്റെ നിഅ്മത്തുകൾ കൊണ്ട് സമ്പന്നനായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഹോദരങ്ങളേ, ശരീരേച്ഛകളിൽനിന്ന് പിന്മാറുക. അല്ലാഹു പറയുന്നതിനേക്കാളധികം കടന്നുപ്രവർത്തിക്കരുത്. നിങ്ങളുടെ ശീലങ്ങളൊക്കെ പൊട്ടിച്ചെറിഞ്ഞ് പുതിയ മനുഷ്യരായി നടക്കുക. അല്ലാഹു നിങ്ങളുടെ പാപങ്ങൾ പൊറുക്കുമാറാകട്ടെ. നിങ്ങൾ അവനെ ഭയപ്പെടുക. ദുഷ്ചെയ്തികളിൽനിന്ന് പിന്മാറുക. നിങ്ങളിൽ മാന്യനായ ഒരു വ്യക്തിയുമില്ലേ? നിങ്ങൾ പിന്മാറുന്നില്ലെങ്കിൽ അല്ലാഹു താൻതന്നെ സഹായവും സംരക്ഷണവുമായി വരും. തന്റെ ദാസനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യും. ശത്രുക്കളെ കഷണം കഷണമാക്കും. അവന് ഒരു നഷ്ടവും ഉണ്ടാക്കാൻ നിങ്ങൾക്കാർക്കും സാധ്യമല്ല."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മനസ്സ് അങ്ങേയറ്റം മൃദുലമായതുകൊണ്ടാണ് ആദ്യം കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തത്. പിന്നീടാണ് ഇങ്ങനെ ദുആ ചെയ്തത്. ജനതയുടെ സന്മാർഗ്ഗപ്രാപ്തിക്കായി അവിടന്ന് ഒരുപാട് ദുആ ചെയ്യുമായിരുന്നു. ഒരിടത്ത് പറഞ്ഞു: തന്റെ ഉറ്റബന്ധു രോഗിയാകുമ്പോൾ വിഷമിക്കുന്നവനെപോലെ കാര്യം തിരിച്ചറിയാത്ത ആളുകളെ ഓർത്ത് ഞാൻ വിഷമിക്കുന്നു. അവർക്കുവേണ്ടി ദുആ ചെയ്യുന്നു. സർവ്വശക്തനും പ്രതാപവാനുമായ അല്ലാഹുവേ, ഞങ്ങളുടെ മാർഗ്ഗദർശകനായുള്ളവനേ, ഇവരുടെ കണ്ണുകൾ തുറന്നാലും. ഇവർക്ക് ഉൾക്കാഴ്ച നീ തന്നെ നൽകിയാലും. നീ തന്നെ ഇവരുടെ ഹൃദയങ്ങളിൽ സത്യതയുടെ വെളിപാടിറക്കിയാലും.

ഇനിയാരെങ്കിലും മനഃപൂർവ്വം അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുന്നുവെങ്കിൽ അപ്പോൾ അയാളെ സംബന്ധിച്ച് എന്താണ് ചെയ്യാൻ കഴിയുക? പീഡിപ്പിക്കുന്നതിൽനിന്നും വിഷമിപ്പിക്കുന്നതിൽനിന്നും ബുദ്ധിമുട്ടിക്കുന്നതിൽനിന്നും അവർ പിന്മാറാതെ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറഞ്ഞുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ ആട്ടുകല്ല് പ്രവർത്തിക്കേണ്ടതു തന്നെയാണ്. കാരണം അത്തരക്കാർക്കുവേണ്ടി വിധിച്ചിട്ടുള്ളത് അതാണ്. എങ്കിലും നാം ദുആ ചെയ്യുക. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വേദനയിൽ കുതിർന്ന ഈ ദുആ കേൾക്കുമാറാകട്ടെ. പരിഹസിക്കുന്നതിലും നിന്ദിക്കുന്നതിലും എല്ലാ അതിരുകളും കവച്ചുവെച്ചിട്ടുള്ള ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ.

അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയാൽ ഒരുപാടാളുകൾ അതിന് ഇരയായിത്തീരും. അതുകൊണ്ട് വീണ്ടും അല്ലാഹുവിനോട് കാരുണ്യം തേടിക്കൊണ്ട് ദുആ ചെയ്യുക. അല്ലാഹു ഈ ജനങ്ങൾക്ക് ബുദ്ധി നല്കുമാറാകട്ടെ. ഈ അക്രമങ്ങളിൽനിന്ന് ഇവർ പിന്തിരിയുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 27.10.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala